# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-31/07/2023.

1. ചിങ്ങം ഒന്ന് കർഷകദിനമായി ആചരിച്ചു വരുന്നു. ഈ വർഷത്തെ കർഷക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആഗസ്റ്റ് 17 ന് (17.08.2023) വൈകിട്ട് 4:00 മണിക്ക് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നിർവഹിക്കുന്നു.

2. കാർഷിക സർവകലാശാല, ഫലവർഗ്ഗ ഗവേഷണ കേന്ദ്രം, വെള്ളാനിക്കരയിൽ വിവിധ ഇനം മാവ്, പ്ലാവ് നാരകം, ആത്തച്ചക്ക, അരിനെല്ലി, കറിവേപ്പ്, കവുങ്ങ് കുരുമുളക് തുടങ്ങിയവയുടെ മുന്തിയ ഇനം തൈകളും ജൈവവളങ്ങളും വില്പനയ്ക്ക് തയ്യാറാണ് ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക - യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിളസംസ്കരണം വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimadhinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2023 2024 - സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ 01.08.2023 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷി ഭവനുമായോ 0471 2306748, 0477 2266084, 0495 2725354 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവകലാശാലയിലെ കെ എസ് സി എസ് ടി ഇ പ്രോജക്ടിൽ പ്രൊജക്റ്റ് ഫെലോ ആയി നിയമിക്കപ്പെടുന്നതിന് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് aparna.r@kau.in എന്ന ഈമെയിലിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ആട് വളർത്തൽ** എന്ന വിഷയത്തിൽ ആഗസ്റ്റ് മാസം 2 ന് (02/08/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്. കേന്ദ്ര-കേരള സർക്കാരുകളുടെ വിവിധ ആടുവളർത്തൽ പദ്ധതികളിൽ അംഗമാകാൻ ആഗ്രഹിക്കുന്ന കർഷകർക്ക് ഈ പരിശീലനത്തിൽ പങ്കെടുത്ത് വൈദഗ്ദ്ധ്യവും നേടാവുന്നതാണ്.

6. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 07.08.2023 മുതൽ 11.08.2023 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ **ക്ഷീരകർഷകർക്കായി ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20/-രൂപ. ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 03.08.2023ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ dd-dtc-kkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ 0495- 2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. **കാർഷിക നിർദ്ദേശം** – മഴക്കാല സംരക്ഷണം കന്നുകാലികളിൽ

മഴ സമയത്ത് തൊഴുത്തിലെ വെള്ളക്കെട്ടിൽ അധിക നേരം കന്നുകാലികൾ നിക്കാനിടയായാൽ കുളമ്പ് ചീയൽ രോഗം ഉണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ പൊട്ടാസ്യം പെർമഗ്നറ്റ് ലയനിയോ 20 % ഫോർമാലിൻ ലയനിയോ ഉപയോഗിച്ച് ദിവസവും 2 നേരം കുളമ്പു വൃത്തിയാക്കുക. മഴക്കാലത്ത് കന്നുകുട്ടികളിൽ ന്യുമോണിയ ബാധ വരാനുള്ള സാധ്യതയുള്ളതിനാൽ തൊഴുത്തിലെ ചോർച്ച

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിഹരിക്കുകയും വെള്ളക്കെട്ട് ഒഴിവാകുകയും ചെയ്യണം. മഴ സമയത്ത് കന്നുകാലികളിൽ അകിട് വീക്ക രോഗ സാധ്യത കൂടുതലായതിനാൽ പാൽ കറന്ന ശേഷം ടിങ്ചർ അയഡിൻ ലായനിയിൽ Tincture iodine solution ) മുലക്കാമ്പുകൾ 7 സെക്കൻഡ് നേരം മുക്കി വെക്കുക.ബാഹ്യപരാദങ്ങളായ കൊതുക്, കടിയീച്ചകൾ തുടങ്ങിയവയുടെ ഉപദ്രവം തടയുന്നതിനായി ചാണക കുഴികളിൽ കുമ്മായം വിതറുക. കന്നുകാലികളെ ഉറപ്പുള്ള മേൽക്കൂരയ്ക്കടിയിൽ പാർപ്പിക്കുക, തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥ ഒഴിവാക്കുകയും തീറ്റ ഈർപ്പം ഏൽക്കാതെ സൂക്ഷിക്കുകയും ചെയുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം